# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3708** — **23.08.2017 ൽ മറുപടിക്ക്**

## ഗെയിൽ വാതക പൈപ്പ് ലൈൻ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. പി. കെ. ബഷീർ** | | **ശ്രീ. എ.സി. മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്ത് ഗെയിൽ വാതക പൈപ്പ് ലൈൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട സ്ഥലം ഏറ്റെടുക്കൽ നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ ഗെയിൽ പ്രകൃതി വാതക പൈപ്പ് ലൈൻപദ്ധതിയുടെ സ്ഥലംഏറ്റെടുക്കലും നിർമ്മാണ പ്രവർത്തനങ്ങളും അന്തിമഘട്ടത്തിലാണ്. എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി ഗെയിൽ സ്ഥാപിക്കുന്ന കൊച്ചി - മംഗലാപുരം പൈപ്പ് ലൈനിന്റെ പ്രാരംഭസർവ്വേ നടപടികളും, 6(1) ഗസറ്റ് വിജ്ഞാപനവും ഗെയിൽ പൂർത്തിയാക്കിയിട്ടുണ്ട്. പഞ്ചനാമ (മഹസർ) തയ്യാറാക്കുന്ന നടപടികളും പൂർത്തീകരിച്ചു. നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കൊച്ചി - മംഗലാപുരം പൈപ്പ് ലൈനിന് വേണ്ടി കേരളത്തിൽ 4 ഐ പി സ്റ്റേഷനുകൾക്കും 21 എസ് വി സ്റ്റേഷനുകൾക്കും വേണ്ടി സ്ഥിരമായി ഭൂമി ഏറ്റെടുക്കുന്ന നടപടിയും അന്തിമഘട്ടത്തിലാണ്. |
| (ബി) | ഏറ്റെടുത്ത സ്ഥലങ്ങളിൽ ഭൂ ഉടമകൾക്ക് എന്തടിസ്ഥാനത്തിലാണ് നഷ്ടപരിഹാരം നൽകിയിട്ടുള്ളത്; വിശദാംശം വെളിപ്പെടുത്തുമോ; | (ബി) | ഗെയിൽ വാതക പൈപ്പ് ലൈൻ പദ്ധതിക്കുവേണ്ടി സ്ഥലത്തിന്റെ ഉപയോഗാവകാശം മാത്രമാണ് ഗെയിൽ ഏറ്റെടുക്കുന്നത്. നഷ്ടപരിഹാരം 2 തരത്തിലാണ് നൽകുന്നത്.<br>1. വിളകളുടെ നഷ്ടപരിഹാരം.<br>2. സ്ഥലത്തിന്റെ നഷ്ടപരിഹാരം.<br>വിളകൾക്ക് **competent authority** നിശ്ചയിക്കുന്ന വിലയും, ഭൂമിയുടെ ഉപയോഗാവകാശത്തിനായി സ്ഥലത്തിന് ന്യായവിലയുടെ **50%** നഷ്ടപരിഹാരമായി നൽകുന്നതിനുള്ള വ്യവസ്ഥ നിലവിലുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇനിയും പ്രസ്തുത പദ്ധതിക്ക് സ്ഥലം ഏറ്റെടുക്കുന്നതിന് ബാക്കിയുള്ള പ്രദേശങ്ങൾ ഏതെല്ലാമാണ്; ജില്ല തിരിച്ച് വിശദാംശം നൽകുമോ; | (സി) | കേരളത്തിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് ആവശ്യമായ മുഴുവൻ ഭൂമിയുടേയും ഉപയോഗാവകാശം കേന്ദ്രസർക്കാർ ഏറ്റെടുത്തുകഴിഞ്ഞു. |
| (ഡി) | ജനങ്ങൾക്ക് ഇക്കാര്യത്തിലുള്ള ആശങ്ക പൂർണ്ണമായും ദൂരീകരിക്കുന്നതിനും, കഴിയുന്നതും ജനവാസ മേഖലകൾ ഒഴിവാക്കുന്നതിനും സ്ഥലമുടമകൾക്ക് അവരുടെ നഷ്ടത്തിന്റെ വ്യാപ്തി അനുസരിച്ച് നഷ്ടപരിഹാരം നൽകുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | ജനവാസമേഖലയിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് യാതൊരു ആശങ്കക്കും അടിസ്ഥാനമില്ല. ജനസാന്ദ്രത ക്ലാസ്സിഫിക്കേഷൻ അനുസരിച്ച് കൂടിയ കനം ഉറപ്പുവരുത്തി ശാസ്ത്രീയമായി രൂപകൽപന ചെയ്തിട്ടുള്ള പൈപ്പുകളാണ് ഉപയോഗിക്കുന്നത്. ജനവാസ മേഖലയെ പരമാവധി ഒഴിവാക്കിക്കൊണ്ട് നിലവിൽ സാധ്യമായതും ഏറ്റവും അനുയോജ്യമായതുമായ അലൈൻമെന്റ് ആണ് നിലവിലുള്ളത്. വീടുകളേയും മറ്റു കെട്ടിടങ്ങളേയും ഒഴിവാക്കിക്കൊണ്ടാണ് പൈപ്പ് ലൈൻ കടന്നുപോകുന്നത്. ഈ പദ്ധതിക്കു വേണ്ടിയുള്ള പൈപ്പ് ലൈൻ കടന്നുപോകുന്ന സ്ഥലങ്ങളിലെ ഒരു വീടുപോലും പൊളിച്ചു മാറ്റേണ്ട ആവശ്യമില്ല. ഇതുമായി ബന്ധപ്പെട്ട് ജനങ്ങൾക്കുള്ള ആശങ്കകളും തെറ്റിദ്ധാരണകളും ദൂരീകരിക്കുന്നതിനായി പഞ്ചായത്തുകൾ തോറും ശാസ്ത്രീയകാരണം വിശദീകരിച്ചുകൊണ്ട് ബോധവൽക്കരണം നടത്തിക്കഴിഞ്ഞു. സംസ്ഥാ നത്തിന് നേട്ടമുണ്ടാകുന്ന ഈ പദ്ധതിയുടെ ആവശ്യകതയും ജനങ്ങളോട് വിശദീകരിച്ചിട്ടുണ്ട്. സ്ഥലമുടമയ്ക്ക് നഷ്ടത്തിന്റെ വ്യാപ്തി അനുസരിച്ച് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി **competent authority** യെ നിയോഗിച്ചിട്ടുണ്ട്. അപ്രകാരം നിശ്ചയിക്കുന്ന നഷ്ടപരിഹാരതുക താമസംവിനാ വിതരണം ചെയ്യുമെന്ന് 'ഗെയിൽ' ലിമിറ്റഡ് അറിയിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ.**

അനുബന്ധം

Details of Accumulated loss of Loss Making PSUs as on 31.03.2017 (Provisional)

Rs.in lakhs

| Sl.No | Company | Amount |
|---|---|---|
| 1 | Alleppy Co-operative Spinning Mills Ltd | 2488.29 |
| 2 | Autokast Ltd | 14463.32 |
| 3 | Handicrafts Dev Corp. (Kerala) Ltd | 3272.04 |
| 4 | HANTEX | 3192.69 |
| 5 | HANVEEV | 8151.68 |
| 6 | KELPALM | 193.46 |
| 7 | Keltron Component Complex Ltd | 4469.18 |
| 8 | Kerala Automobiles Ltd | 5768.63 |
| 9 | Kerala Clays & Ceramic Products Ltd | 0.00 |
| 10 | Kerala Electrical & Allied Engineering Company Ltd | 15922.66 |
| 11 | Kerala Small Industries Development Corporation Ltd | 7138.59 |
| 12 | Kerala State Bamboo Corporation Ltd. | 6262.68 |
| 13 | Kerala State Drugs & Pharmaceuticals Ltd | 10605.99 |
| 14 | Kerala State Industrial Enterprises Ltd | 1639.47 |
| 15 | Kerala State Mineral Development Corporation Ltd | 193.92 |
| 16 | Kerala State Textile Corporation Ltd | 19145.32 |
| 17 | Sitaram Textiles Ltd | 6607.82 |
| 18 | Steel Complex Ltd | 4877.74 |
| 19 | The Cannannore Co-op.Spinning Mills Ltd | 7563.02 |
| 20 | The Kerala Ceramics Ltd | 7981.81 |
| 21 | The Malappuram Co-operative Spinning Mills Ltd | 6640.72 |
| 22 | The Metal Industries Ltd | 1459.00 |
| 23 | The Quilon Co-operative Spinning Mills Ltd | 6239.38 |
| 24 | The Travancore Cements Ltd | 6441.00 |
| 25 | The Trichur Co-operative Spinning Mills Ltd | 6205.84 |
| 26 | Trivandrum Spinning Mills Ltd | 1681.88 |
| 27 | United Electrical Industries Ltd. | 4951.21 |

സെക്ഷൻ ഓഫീസർ.